പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 816** **10.06.2019-ൽ മറുപടിയ്ക്ക്**

**കരികുളം പട്ടികവർഗ കോളനി**

**ചോദ്യം**
**ശ്രീ.രാജു എബ്രഹാം**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | റാന്നി നിയോജകമണ്ഡലത്തിലെ കരികുളം പട്ടികവർഗ കോളനിക്ക് ഒരു കോടി രൂപ അനുവദിച്ചെങ്കിലും ഇതേവരെ പദ്ധതികളൊന്നും തന്നെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്നാണ് പദ്ധതിക്കായി പണം അനുവദിച്ചത്; ഇവിടുത്തെ നിർവ്വഹണച്ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്; പ്രവർത്തനപുരോഗതി വിശദമാക്കാമോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ കരികുളം കോളനിയെ തെരഞ്ഞെടുക്കുകയും ടി കോളനിയിൽ ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചിട്ടില്ലാത്തതിനാൽ പ്രവർത്തികൾ ആരംഭിച്ചിട്ടില്ല. |
| ബി) | പദ്ധതിപ്രകാരമുള്ള പ്രവർത്തികൾ എന്ന് ആരംഭിക്കും എന്ന് വ്യക്തമാക്കാമോ? | ബി) | പദ്ധതി നടപ്പിലാക്കുന്നതിനായി നിർവ്വഹണ ഏജൻസിക്ക് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മൊബിലൈസേഷൻ അഡ്വാൻസ് അനുവദിക്കുന്ന മുറയ്ക്ക് പ്രവർത്തികൾ ആരംഭിക്കുന്നതാണ്. |

Hari

**സെക്ഷൻ ഓഫീസർ**